2009-10-ൽ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കിയത്. 415 ക്ലസ്റ്ററുകൾ 10375 ഹെക്ടർ സ്ഥലത്ത് രൂപീകരിച്ചാണ് കേരശ്രീ പദ്ധതി നടപ്പിലാക്കിയത്. ഒരു ഹെക്ടറിന് 14,000 രൂപ കർഷകർക്ക് ധനസഹായമായി നല്കി വരുന്നു. 2010-11-ൽ കേരശ്രീ പദ്ധതിയിൻകീഴിൽ തെങ്ങിൻ തോട്ടങ്ങളിലെ സംയോജിത പരിപാലനത്തിനായി 10513 ഹെക്ടർ സ്ഥലത്ത് 420 കേരശ്രീ ഗ്രൂപ്പുകൾ രൂപീകരിച്ച് എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നടപ്പിലാക്കി വരുന്നു. ഒന്നാംവർഷ ധനസഹായമായി 17,500 രൂപയാണ് ഒരു ഹെക്ടറിന് നൽകുന്നത്. പ്രായാധിക്യമുള്ളതും കാറ്റു വീഴ്ച/കൂമ്പുചീയൽ രോഗം എന്നിവ രൂക്ഷമായി ബാധിച്ചതുമായ പരമാവധി 10 തെങ്ങുകൾ ഒരു ഹെക്ടറിൽ മുറിച്ച് മാറ്റാൻ 500 രൂപ നിരക്കിൽ കർഷകർക്ക് ധനസഹായം ലഭ്യമാക്കി വരുന്നു. പുനർനടീലിനായി തെങ്ങിൻ തൈകൾക്ക് 50% (17.50 രൂപ) ധനസഹായവും സംയോജിത വളപ്രയോഗത്തിനായി തെങ്ങൊന്നിന് 12 രൂപ നിരക്കിലും സസ്യസംരക്ഷണത്തിന് തെങ്ങൊന്നിന് 10 രൂപ നിരക്കിലും ഇടയിളക്കൽ, കളപറിക്കൽ, പുതയിടീൽ, ജൈവവളപ്രയോഗത്തിനുള്ള കുഴിച്ചെലവ് എന്നിവയ്ക്കായി തെങ്ങൊന്നിന് 30 രൂപ നിരക്കിലും ധനസഹായം ലഭ്യമാക്കും. ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പമ്പ് സെറ്റ് സ്ഥാപിക്കാൻ (50%) പരമാവധി 10,000 രൂപ ഒരു യൂണിറ്റിന് ലഭ്യമാക്കും. ഒന്നാം വർഷ ധനസഹായമായി 1839.75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 31-10-2011 വരെ 1227.6 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2009-10-ൽ സ്ഥാപിച്ച 415 ക്ലസ്റ്ററുകളുടെ (കേരശ്രീ ഗ്രൂപ്പ്) രണ്ടാംവർഷ ധനസഹായമായി ഹെക്ടറിന് 7000 രൂപ നിരക്കിൽ 726.25 ലക്ഷം രൂപ നൽകിയതിൽ 31-10-2011 വരെ 720 ലക്ഷം രൂപ ചെലവഴിച്ചു. തെങ്ങൊന്നിന് സംയോജിത വളപ്രയോഗത്തിന് 10 രൂപയും സസ്യസംരക്ഷണത്തിനായി 10 രൂപയും തടം തുറക്കലിനും ഇടയിളക്കലിനുമായി 20 രൂപയും ധനസഹായമായി ലഭ്യമാക്കുന്നു.

നഗരത്തിൽ ഒരു നാട്ടിൻപുറം പദ്ധതി

242 (1212) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ്മന്ത്രി സഭയെ മറുപടി നൽകുമോ :

(എ) നഗരത്തിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ 'നഗരത്തിൽ ഒരു നാട്ടിൻപുറം' പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി അറിയിക്കുമോ ;

(ബി) ഈ പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നഗരവാസികളെ കൃഷിയിലേക്ക് ആകർഷിക്കുവാനും ജനവാസം വർദ്ധിച്ചതുമൂലം നഗരത്തിൽ കുമിഞ്ഞുകൂടുന്ന ആഹാരവശിഷ്ടങ്ങളും മറ്റു മാലിന്യങ്ങളും ഫലപ്രദമായി നിർമ്മാർജ്ജനം ചെയ്യുവാൻ വേണ്ടിയും ആവിഷ്കരിച്ച് 2005-06, 2006-07 വർഷങ്ങളിൽ നടപ്പാക്കിയ ഈ പദ്ധതി പ്രകാരം ആകെ 7,660 വെർമി കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചു. 3301 നടീൽ വസ്തുക്കളുടെ കിറ്റുകൾ 6440 പൂന്തോട്ട ഉപകരണങ്ങൾ, 2278 ഹാൻഡ് സ്പ്രേയറുകൾ, 476 നാപ്സാക്ക് സ്പ്രേയറുകൾ എന്നിവ വിതരണം ചെയ്യുകയുണ്ടായി. ഈ വർഷങ്ങളിൽ ഈ പദ്ധതിക്കായി 88.55 ലക്ഷം രൂപ ചെലവഴിച്ചു.

(ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES KERALA LEGISLATIVE ASSEMBLY